


# ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്

# ബഡ്ജറ്റ് 2026-27




# ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്
# ബഡ്ജറ്റ് 2026-27

# ആമുഖം



മതേതരത്വത്തിനും, ഫെഡറൽ തത്വങ്ങൾക്കും വലിയതോതിൽ ഭീക്ഷണി നേരിട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മത നിരപേക്ഷതയിലും സമത്വത്തിലും ഊന്നിയുള്ള ഒരു വിഭവ സമാഹരണത്തിനും തുല്യ നീതിയിൽ അധിഷ്ഠിതമായ വിഭവ വിതരണത്തിനുമാണ് ഈ ബജറ്റ് പ്രാമുഖ്യം നൽകിയിട്ടുള്ളത്. ഒരു നവ കേരള സൃഷ്ടിക്കായുള്ള ശ്രമങ്ങളുടെ ഓരം ചേർന്ന് ഒരു നവ വികസന ഉടുമ്പൻചോലയെ ലക്ഷ്യം വച്ചു കൊണ്ടുള്ള പദ്ധതികളാണ് നാം നടപ്പിലാക്കിവരുന്നത്.

ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് ഓഫീസ് അതിൻറെ അടിസ്ഥാന സൗകര്യങ്ങൾ പരിഷ്കരിക്കുകയും കൂടുതൽ ജനസൗഹൃദമാക്കുകയും ചെയ്തിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നതിനോടൊപ്പം ജനങ്ങളുടെ പരാതിക്കിടനൽകാതെ ഫയലുകൾ തീർപ്പാക്കുന്നതിനും ശ്രദ്ധിക്കുന്നു.

ഓരോ ബജറ്റും അത് അവതരിപ്പിക്കുന്ന കാലത്തിൻറെ സാമ്പത്തിക ജീവിതത്തെ മാത്രമല്ല രാഷ്ട്രീയവും സാംസ്കാരികവും സാമൂഹികവും ആയ ജീവിതത്തേയും അടയാളപ്പെടുത്തുന്നുണ്ട്. അത്തരത്തിൽ ചരിത്ര രേഖകളാണ് ഓരോ ബജറ്റുകളും. ഭാവിവികസന രേഖയായി ഈ ബജറ്റിന് മാറാൻ കഴിയുമെന്ന ശുഭ പ്രതീക്ഷയാണ് ഉള്ളത്.

25,71,89,040/- രൂപ വരവും 25,56,07,995/- രൂപ ചെലവും 15,81,045/- നീക്കി ബാക്കിയും പ്രതീക്ഷിക്കുന്ന ഈ ബജറ്റിന് എല്ലാവിധ ആശംസകളും നേരുന്നു.

പ്രസിഡൻറ് നാഗജ്യോതി ഭാസ്കർ

09/03/2026

# ഭരണസമിതി



**ശ്രീമതി നാഗജ്യോതി**
**പ്രസിഡന്റ്**



**ശ്രീമതി നിമ്മി എലിസബത്ത് ജേക്കബ്**
**വൈസ് പ്രസിഡന്റ്**



**ശ്രീ. ജിജി ജോർജ്ജ്**
**ക്ഷേമ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ**



**ശ്രീമതി പരമേശ്വരി ആർ.**
**ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ**



**ശ്രീമതി ഷിജി സുരേഷ്**
**വികസന സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ**



**ശ്രീമതി ബിന്ദു മാത്യു**
**മെമ്പർ വാർഡ് 1**



**ശ്രീ. അബ്രഹാം ജോസഫ്**
**മെമ്പർ വാർഡ് 2**



**ശ്രീ. മണികണ്ഠൻ**
**മെമ്പർ വാർഡ് 4**



**ശ്രീമതി സ്മിത ബിജു**
**മെമ്പർ വാർഡ് 5**



**ശ്രീ.ജോമോൻ റ്റി.ജെ.**
**മെമ്പർ വാർഡ് 8**



**ശ്രീ. ഹരിഹരൻ ജി.**
**മെമ്പർ വാർഡ് 9**



**ശ്രീ. റോയി തോമസ്**
**മെമ്പർ വാർഡ് 10**



**ശ്രീമതി ധനലക്ഷ്മി**
**മെമ്പർ വാർഡ് 12**



**കുമാരി ആർത്തിയ**
**മെമ്പർ വാർഡ് 13**

# ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് ബജറ്റ് 2026-27

## ബജറ്റ് അവതരണം



**ശ്രീമതി. നിമ്മി എലിസബത്ത് ജേക്കബ്**

**(വൈസ് പ്രസിഡൻറ്&ധനകാര്യസ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ)**

ഉടുമ്പൻചോല ഗ്രാമ പഞ്ചായത്തിൻറെ 2026-27 സാമ്പത്തിക വർഷത്തിലെ ബജറ്റ്, കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214 ഉം 2008 ലെ കേരളാ പഞ്ചായത്ത് രാജ് ബജറ്റ് നിർമ്മാണ ചട്ടങ്ങളും ഉപ ചട്ടങ്ങളും പ്രകാരം ഈ കമ്മിറ്റി മുൻപാകെ ഞാൻ അവതരിപ്പിക്കുകയാണ്.

എല്ലാ മേഖലകളിലും തുക വകയിരുത്തുവാനും മുൻ വർഷങ്ങളിലെ വികസന പ്രവർത്തനങ്ങൾ തുടർന്നു കൊണ്ടു പോകുവാനും ഈ ബജറ്റിൽ ശ്രമിച്ചിട്ടുണ്ട്. 2025 ഡിസംബർ മാസം 20-ആം തീയതി അധികാരത്തിലേറിയ ഈ ഭരണസമതി കാർഷികമേഖലയ്ക്കും, ആരോഗ്യമേഖലയ്ക്കും, മാലിന്യ സംസ്കരണം, അടിസ്ഥാന സൗകര്യ വികസനത്തിനും, മൃഗസംരക്ഷണ മേഖലയ്ക്കും, വനിതശാക്തീകരണത്തിനും ഊന്നൽ നൽകികൊണ്ടുള്ള പ്രഥമ ബഡ്ജറ്റാണ് അവതരിപ്പിക്കുന്നത്.

നാം ജീവിക്കുന്ന ലോകം അതിവേഗം മാറികൊണ്ടിരിക്കുകയാണ്. ഈ മാറ്റങ്ങളെ ജാഗ്രതയോടെ വിലയിരുത്തി നിരന്തരം സ്വയം നവീകരിച്ചു കൊണ്ടല്ലാതെ വ്യക്തികൾക്കോ സമൂഹങ്ങൾക്കോ മുന്നോട്ടു പോകാൻ സാധിക്കില്ല. വികസന ധനനയങ്ങളെ നിർണയിക്കുന്നത് നിരന്തര നവീകരണത്തിന്റേതായ കാഴ്ച്ചപ്പാടാണ്. പഞ്ചായത്തിന്റെ സുസ്ഥിര വികസനം സാധ്യമാക്കുക യെന്നുള്ളത് ഏവരുടേയും സ്വപ്നമാണ്.

അസമാധനവും വിദ്വേഷവും സംഘർഷങ്ങളും പടർന്നു പിടിക്കുന്ന സാഹചര്യമാണ് ലോകമെമ്പാടും നിലനിൽക്കുന്നത്. നമ്മളെ സംബന്ധിച്ചിടത്തോളം നാട്ടിൽ നിലനിൽക്കുന്ന സമാധാനത്തിന്റേയും ശാന്തിയുടേയും അന്തരീക്ഷമാണ് നമ്മുടെ വളർച്ചയുടേയും അഭിവൃദ്ധിയുടേയും ഉറപ്പ്. ഈ പശ്ചാത്തലത്തിലാണ് ന്യൂനപക്ഷ ഭൂരിപക്ഷ വർഗീയതയോടും മറ്റ് സങ്കുചിത വിഭാഗീയ നയങ്ങളോടും ഒരു വിട്ടുവിഴ്ച്ചയും പാടില്ല എന്ന സമീപനം സ്വീകരിക്കേണ്ടത്. ഈ മുദ്രാവാക്യത്തിന്റെ വികസന ക്ഷേമമൂല്യം എത്രത്തോളം വലുതാണെന്ന് തിരിച്ചറിയുന്നവരാണ് നമ്മൾ കേരളീയർ.

ലോകമെമ്പാടും അനുഭവപ്പെടുന്ന കാലാവസ്ഥ വ്യതിയാനങ്ങളും പ്രകൃതിദുരന്തങ്ങളും നമ്മുടെ വികസന ധനനയങ്ങളെ രൂപപ്പെടുത്തുന്നതിൽ പരിഗണന നൽകേണ്ട വിഷയങ്ങളാണ്.

മറ്റൊരു പരിഗണനാ വിഷയമാണ് വന്യ ജീവികളിൽ നിന്നും നമ്മൾ നേരിട്ടുകൊണ്ടിരിക്കുന്ന ഭീഷണി. നമ്മുടെ പഞ്ചായത്തുൾപ്പെടെ നേരിട്ടുകൊണ്ടിരിക്കുന്ന ഈ ഭീഷണി സമീപ ഭാവിയിൽ നമ്മളെ ബാധിക്കുമെന്നതിനാൽ അതിനെ നേരിടാൻ തക്ക നയങ്ങൾ രൂപീകരിക്കേണ്ടതായിട്ടുണ്ട്.

കൂടാതെ മദ്യത്തിനും മയക്കമരുന്നിനും അടിമപ്പെടുന്ന ഒരു യുവജനത ഇന്ന് നമ്മുടെ സമാധനപരമായ ജീവിതത്തിനുതന്നെ ഭീഷിണി ആയിരിക്കുകയാണ്. സ്കൂളുകളിലും കോളേജുകളിലും മദ്യത്തിന്റേയും രാസലഹരിയുടേയും ഭീഷിണിയിൽ നിന്നും നമ്മുടെ യുവ ജനതയെ രക്ഷിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് ഒരു കർമ്മ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കേണ്ടതായിട്ടുണ്ട്.

ഭവന രഹിതരും ഭൂരഹിതരും ഇല്ലാത്ത പഞ്ചായത്താക്കി മാറ്റുക എന്ന ലക്ഷ്യം വൈകാതെ സാക്ഷാത്കരിക്കാൻ കഴിയുമെന്ന് കരുതുന്നു. പഞ്ചായത്തിൽ അതിദരിദ്ര്യ വിഭാഗത്തിൽപ്പെട്ട 28 കുടുംബങ്ങളാണ് ഉണ്ടായിരുന്നത്. അവരെ അതിദരിദ്രവിഭാഗത്തിൽനിന്നും മോചിപ്പിക്കുവാൻ സാധിച്ചു. അവർക്ക് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും ആരോഗ്യ പരിപാലനത്തിനും തുടർനടപടികൾക്കുമായി 1,50,000/- രൂപ വകയിരുത്തുന്നു.

25,71,89,040/- രൂപ വരവും 25,56,07,995/- രൂപ ചെലവും 15,81,045/- നീക്കി ബാക്കിയും ഈ ബജറ്റിൽ പ്രതീക്ഷിക്കുന്നു. നികുതി നികുതിയിതര വരുമാനം 1,26,42,145/- രൂപയും, ജനറൽ പർപ്പസ് ഫണ്ട് 1,18,04,000/- രൂപയും ഉൾപ്പടെ ആകെ തനത് വരുമാനം 2,44,46,145/- രൂപ പ്രതീക്ഷിക്കുന്നു.

പദ്ധതി ചെലവുകൾക്കുള്ള റവന്യൂ ഗ്രാന്റുകൾ - 6,25,07,000/- രൂപയും പദ്ധതി ഇതര ചെലവുകൾക്കുള്ള റവന്യൂ ഗ്രാന്റുകൾ- 2,40,82,900/- രൂപയും ഉൾപ്പടെ ആകെ റവന്യൂ വരവുകൾ 8,65,89,900/-രൂപ വരവ് പ്രതീക്ഷിക്കുന്നു.

കാർഷികമേഖലയേയും ക്ഷീരോത്പാദന മേഖലയേയും കൂടുതലായി ആശ്രയിച്ചു ജീവിക്കുന്ന ഒരു ജനതയാണ് നമ്മുടേത്. കാർഷികമേഖലയ്ക്ക് 16,45,400/- രൂപ വകയിരുത്തുന്നു. മൃഗസംരക്ഷണ മേഖലയിലെ വിവിധ പദ്ധതികൾക്കായി 845500/- രൂപ വകയിരുത്തുന്നു.

വനിതാ ശാക്തീകരണത്തിന്റെ ഭാഗമായി പഞ്ചായത്തിലെ കുടുംബശ്രീയുടെ പ്രവർത്തനം എടുത്തു പറയേണ്ട കാര്യമാണ്. സി.ഡി.എസി-ന്റെ സഹകരണത്തോടെ സ്വയംതൊഴിൽ പരിശീലനം ഉൾപ്പടെയുള്ള നിരവധി പദ്ധതികൾ ഗ്രാമ പഞ്ചായത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. കുടുബശ്രീ അംഗങ്ങളുടെ സാമ്പത്തിക സഹായത്തിന് വനിത കോർപറേഷനിൽ നിന്നും ഇതിനകം 66,000,00/- രൂപ ലഭ്യമാക്കിയിട്ടുണ്ട്.

വനിതകളുടെ വിവിധ പദ്ധതികൾക്കായി 20,78,500/- രൂപ കൂടി ഉൾപ്പെടുത്തി യിരിക്കുന്നു.

സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന ലൈഫ് മിഷൻ ഭവന പദ്ധതി മികച്ച രീതിയിൽ തന്നെ നടപ്പിലാക്കാൻ പഞ്ചായത്തിന് സാധിച്ചുജനറൽ .വിഭാഗത്തിൽ352 വീടുകളും, എസ് സി വിഭാഗത്തിൽ 32 വീടുകളും, എസ് ടി വിഭാഗത്തിൽ 44 വീടുകളും ഉൾപ്പെടെ 428 വീടുകൾക്കാണ് കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ എഗ്രിമെന്റ് ഒപ്പിട്ടത്. ഇതിൽ 397 വീടുകളുടെ നിർമാണം പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. ശേഷിക്കുന്ന 31 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ആകെ 18 കോടി രൂപയാണ് ലൈഫ് ഭവന പദ്ധതിക്ക് മാത്രമായി പഞ്ചായത്തിൽ ചെലവഴിച്ചിട്ടുള്ളത്.

ലൈഫ് ഭവന പദ്ധതികളുടെ തുടർപ്രവർത്തനങ്ങൾക്കായി ഈ ബഡ്ജറ്റിൽ 2,64,31,600/- രൂപ വകയിരുത്തിയിട്ടുണ്ട്.

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് 10,00,000/- രൂപ, അഗതി ക്ഷേമത്തിനായി 300000/- രൂപയും വകയിരുത്തുന്നു.

വിവിധ പട്ടികജാതി പദ്ധതികൾക്കായി 54,45,000/- രൂപ ചിലവ് പ്രതീക്ഷിക്കുന്നു. വിവിധ പട്ടികവർഗ്ഗ പദ്ധതികൾക്കായി 11,20,000/- രൂപ വകയിരുത്തുന്നു. അംഗൻവാടി പൂരക പോക്ഷക പരിപാടികൾക്കായി 29,00,000/- രൂപയും അംഗൻവാടികളുടെ അനുബന്ധ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 15,00,000/- രൂപയും വകയിരുത്തുന്നു.

മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും കൂടുതൽ തൊഴിലാളികൾക്ക് 100 പണി നൽകുവാനും സാധിച്ചതിലൂടെ ഏവരുടേയും അഭിനന്ദനങ്ങൾ ഏറ്റുവാങ്ങാൻ നമ്മുക്ക് സാധിച്ചിട്ടുണ്ട്. 2026-27 വർഷത്തേക്ക് 7,78,12,875/- രൂപ മഹാത്മാ ഗാന്ധിദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വിവിധ പ്രവർത്തനങ്ങൾക്കായി ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ഏകദേശം 1,26,369/- തൊഴിൽ ദിനങ്ങൾ പ്രതീക്ഷിക്കുന്ന ടി പദ്ധതിയിൽ മൃഗസംരക്ഷണ സ്കീമുകൾക്ക് 49,06,000/- രൂപ , റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2,10,00,000/- രൂപ വാട്ടർഷെഡ് പദ്ധതികൾക്കായി 4,23,06,875/- രൂപയും വകയിരുത്തുന്നു.

.

ക്ഷീരമേഖലയിൽ സ്വയം പര്യാപ്തത നേടിയിരുന്ന ഗ്രാമ പഞ്ചായത്ത് ഈ മേഖലയിലെ വിവിധ പ്രതിസന്ധികൾ പ്രത്യേകിച്ച് കാലിത്തീറ്റയുടെ വില വർദ്ധനവ് , പാലിന്റെ വിലക്കുറവ് തുടങ്ങിയവ മൂലം നിരവധി ക്ഷിരകർഷകർ ഈ മേഖല ഉപേക്ഷിക്കുന്നതിന് കാരണമായിട്ടുണ്ട്. നിലവിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാലുല്പ്പന്നങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയാണ് ഗ്രാമ പഞ്ചായത്ത് നിവാസികൾക്ക്. ക്ഷീരകർഷകരുടെ സംരക്ഷണത്തിനായി ഇൻസന്റീവ് ഇനത്തിൽ 15,00,000/- രൂപ വകയിരുത്തുന്നു.

ഗ്രാമ പഞ്ചായത്തിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 1,61,99,000/- രൂപ വകയിരുത്തുന്നു.

കാർഷിക മേഖല തന്നെയാണ് നമ്മുടെ ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക നിലനിൽപ്പിന്റെ നട്ടെല്ല്. അതിനായി നാം വിവിധ പദ്ധതികൾക്കായി ധാരാളം തുക വകയിരുത്തേണ്ടതായി വരുന്നു. കാർഷിക മേഖലയിലെ രാസവള കീടനാശിനി ഉപയോഗം ഈ അവസരത്തിൽ ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ നാം കൂടുതലായി അഡ്രസ്സ് ചെയ്യേണ്ടതായിട്ടുണ്ട്.

പഞ്ചായത്തിൽ നിരവധിയായ കുടിവെള്ള പദ്ധതികൾ നടന്നു വരുന്നു. കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിനും പുതിയ പദ്ധതികൾക്കുമായി 59,63,939 /- രൂപ വകയിരുത്തുന്നു.

കുഞ്ഞുങ്ങളുടെ എണ്ണത്തിൽ വലിയ കുറവ് ഉണ്ടാകുന്നതിന്റേയും പ്രായമായവരുടെ അനുപാതം വലിയതോതിൽ വർദ്ധിക്കുന്നതിന്റേയും വികസന പ്രത്യാഘാതങ്ങൾ കൂടുതൽ ഗൗരവത്തോടെ കാണേണ്ടതുണ്ട്. നമ്മുടെ ജനങ്ങളുടെ വിദേശ രാജ്യങ്ങളിലേക്കും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമുള്ള കുടിയേറ്റവും ഭാവിയിൽ എങ്ങനെ കാണുമെന്നുള്ള പ്രശ്നവും ഉണ്ട്.

കുടിയേറ്റം നമ്മുടെ നാടിന്റെ സാമ്പത്തിക മേഖലയിൽ വലിയതോതിൽ മുന്നേറ്റം ഉണ്ടാക്കാൻ സഹായമായിട്ടുണ്ട്. വീടുകളിൽ ഒറ്റപ്പെട്ട് പോകുന്ന പ്രായമായ മാതാപിതാക്കളുടെ ഒറ്റപ്പെടലുകളിൽ അവരെ സഹായിക്കേണ്ടതുണ്ട്. അതിനാൽ പകൽവീട് പോലുള്ള സംവിധാനങ്ങൾ നവീകരിക്കേണ്ടതായിട്ടുണ്ട്. വയോജനങ്ങളുടെ ക്ഷേമത്തിന് പ്രാധാന്യം നൽകിയുള്ള പദ്ധതികൾക്കായി 4,08,000/- രൂപ വകയിരുത്തുന്നു.

വ്യവസായ വകുപ്പിന്റെ സഹകരണത്തോടെ 2025-26 വർഷം ഏകദേശം 10 പുതിയ ചെറുകിടസംരംഭങ്ങൾ ആരംഭിച്ചിട്ടുള്ളതും ഏകദേശം 15 വനിതകൾ ഉൾപ്പടെ 45 പേർക്ക് ഉപജീവനമാർഗത്തിനുള്ള വഴി ഒരുക്കിയിട്ടുള്ളതുമാകുന്നു. ഈ സ്കീമിൽ ഉൾപ്പെടുത്തി ഏകദേശം 1,45,00,000/- രൂപ ലോൺ ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുള്ളതാണ്. PMFME സ്കീമിൽ 34 ലക്ഷത്തോളം രൂപ സബ്സിഡിയായി നമ്മുടെ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ വികസനത്തിനോടൊപ്പം നാം നേരിടുന്ന പ്രധാന പ്രശ്നമാണ് മാലിന്യ നിർമ്മാർജ്ജനം. ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സി.സി.റ്റി.വി. ക്യാമറകൾ സ്ഥാപിച്ച് ഇന്റഗ്രേറ്റഡ് നെറ്റവർക്കിന്റെ നിയന്ത്രണത്തിലാക്കുകയും, അതുവഴി മാലിന്യം നിക്ഷേപിക്കുന്നത് നിയന്ത്രിക്കുന്നതിനും പിഴ ഈടാക്കുന്നതിനും ശ്രമിച്ചു വരുകയാണ്. തുടർ ശുചിത്വ പ്രവർത്തനങ്ങൾക്കായി 25,00,000 /- രൂപ വകയിരുത്തുന്നു. പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ CCTV ക്യാമറ സ്ഥാപിക്കുന്നതിനായി 300000/- വകയിരുത്തുന്നു. സംസ്ഥാന ഗവൺമെൻറിന്റെ നിർദ്ദേശാനുസരണം ഗ്രാമ പഞ്ചായത്തിനെ സിറോ വേസ്റ്റ് ഗ്രാമ പഞ്ചായത്ത് ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയാണ്. അജൈവമാലിന്യങ്ങളെ ക്ലീൻകേരള കമ്പനിക്ക് നൽകുകയും, ജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നന്നായി നടത്തിയിട്ടും ഇപ്പോഴും പഞ്ചായത്തിലെ വളരെ കുറച്ച് ആളുകൾ മാലിന്യം അലസമായി നിക്ഷേപിക്കുകയാണ്. ഇത് ഒഴിവാക്കുന്നതിന് കൂടുതൽ പിഴ ഈടാക്കേണ്ടതുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനം ശ്ലാഘനീയമാണ്.

പഞ്ചായത്ത് ഭരണചിലവുകൾക്കായി 2,17,86,500/- രൂപയും ആസ്തികളുടെ സംരക്ഷണത്തിനും നടത്തിപ്പിനുമായി 24,78,000/- രൂപയും ചെലവ് വകയിരുത്തുന്നു.

ഉടുമ്പൻചോല ഗ്രാമ പഞ്ചായത്തിൽ 2292 വ്യക്തികളാണ് പെൻഷൻ ഗുണഭോക്താക്കളായി ഉള്ളത്. 2026-27 സാമ്പത്തിക വർഷത്തേക്ക് വിവിധ സാമൂഹിക സുരക്ഷ പെൻഷൻ നൽകുന്നതിനായി 6,00,00,000/- രൂപ ചിലവ് പ്രതീക്ഷിക്കുന്നു. സംസ്ഥാന ഗവൺമെന്റിന്റെ 30 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ള വനിതകളുടെ ഉന്നമനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന 379 സ്ത്രീസുരക്ഷ പെൻഷൻ ഗുണഭോക്താക്കൾക്കായി 45,48,000/- രൂപ വകയിരുത്തുന്നു.

ബഹു. ഉടുമ്പൻചോല എം,എൽ.എ ശ്രീ. എം.എം.മണി അവർകളുടെ ശ്രമഫലമായി സംസ്ഥാന സർക്കാർ ഉടുമ്പൻചോല പഞ്ചായത്തിൽ അനുവദിച്ച കേരളത്തിലെ ഏറ്റവും വലിയ ആയുർവേദ മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. കോളേജിനായി 25 ഏക്കർ സ്ഥലം മാട്ടുത്താവളത്ത് കണ്ടെത്തിയിട്ടുള്ളതും ആയതിന്റെ ചുറ്റുമതിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

തനത് ഫണ്ട് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. നികുതികൾ 100 ശതമാനം പിരിച്ചെടുക്കുന്നതിനോടൊപ്പം പുതിയ വരുമാന മേഖലകൾകൂടി കണ്ടെത്തേണ്ടതുണ്ട്. കാർഷികമേഖലയെ ആശ്രയിച്ച് കഴിയുന്ന ജനവിഭാഗമായതിനാലും പുതിയ മേഖലകൾ കണ്ടെത്തുക എന്നുള്ളത് ആയാസകരമായ ഒരുകാര്യവുമാണ്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടേയും ജില്ല, ബ്ലോക്ക് പഞ്ചായത്തുകളുടേയും ഗ്രാന്റുകൾ കൂടുതലായി ആശ്രയിക്കേണ്ട അവസ്ഥയാണ് നിലവിലുള്ളത്.

പ്ലാൻ ഫണ്ട് ജനറൽ, റോഡ് മെയിന്റനൻസ് ഗ്രാന്റ് എന്നിവയ്ക്കായി അനുവദിച്ച തുക പൂർണ്ണമായും ഉപയോഗിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. അതുപോലെ 100% നികുതി പിരിവ് എന്ന ലക്ഷ്യം ഈ വർഷം കൈവരിക്കാൻ കഴിയുന്ന തരത്തിൽ ഭരണസമതിയും ജീവനക്കാരും അക്ഷീണപ്രയത്നം നടത്തുന്നുണ്ട്.

ജനകീയാസൂത്രണത്തിന്റെ നേട്ടങ്ങളെകുറിച്ച് അഭിമാനം കൊള്ളുകയും അത് നില നിർത്തുവാൻ പരിശ്രമിക്കുകയും വേണം. അതോടൊപ്പം പോരായ്മകളും വീഴ്ചകളും പരിഹരിക്കാനും കഴിയണം. ഉൽപാദന മേഖലയിലും തൊഴിൽ അവസര സൃഷ്ടിയിലുമാണ് നമ്മൾ ആഗ്രഹിച്ച പുരോഗതി ഉണ്ടാക്കാൻ കഴിയാതെ പോയത്. കൃഷി വ്യവസായം മൃഗസംരക്ഷണം തുടങ്ങിയ വകുപ്പുകളുമായി ചേർന്ന് ഈ പോരായ്മ പരിഹരിക്കുന്നതിന് ശ്രമിച്ചുവരുന്നു. സംരംഭക വർഷം

പരിപാടിയുടെ ഭാഗമായി വ്യവസായവകുപ്പിൻറെ സഹായത്തോടു കൂടി കൂടുതൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും അതു വഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാന ഗവൺമെന്റിന്റെയും ജില്ല ബ്ലോക്ക് പഞ്ചായത്തുകളുടേയും സഹകരണത്തോടെ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ വളരെ ആശയോടെയാണ് ജനങ്ങൾ ഉറ്റു നോക്കുന്നത്. 2025-2026 ലെ അവശേഷിക്കുന്ന പ്രോജക്ടുകളുടെ പൂർത്തികരണത്തിന് അധിക വിഭവ സമാഹരണം ആവശ്യമാണ്. പദ്ധതി ചെലവുകൾക്ക് അധിക സാമ്പത്തികം ബഹു.സർക്കാരിൽ നിന്ന് ആവശ്യപ്പെടുന്നതടക്കം ഗ്രാമ പഞ്ചായത്തിന്റെ 2026-27 ലെ കരട് ബജറ്റ് എല്ലാവരുടെയുംസജീവ ചർച്ചക്കും, നിർദ്ദേശങ്ങൾക്കുമായി ഭരണസമിതി മുമ്പാകെ സമർപ്പിക്കുന്നു.